മി. സ്പീക്കർ: ഓർഡർ, ഓർഡർ.

II. ചരമോപചാരം

മുൻ നിയമസഭാംഗമായിരുന്ന പി. കെ. നാരായണൻ നമ്പ്യാരുടെ നിര്യാണം സംബന്ധിച്ച്

മി. സ്പീക്കർ: പ്രമുഖ സോഷ്യലിസ്റ്റ് നേതാവും മുൻ നിയമസഭാംഗവുമായിരുന്ന പി. കെ. നാരായണൻ നമ്പ്യാർ അടുത്തയിടെ നിര്യാതനായി. വിദ്യാഭ്യാസ കാലത്തുതന്നെ നമ്പ്യാർ സ്റ്റുഡൻസ് കോൺഗ്രസിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പൊതു 9.30 A.M.] പ്രവർത്തനം ആരംഭിച്ചു. തുടർന്ന് അദ്ദേഹം ഇൻഡ്യൻ നാഷണൽ കോൺഗ്രസിലും പിന്നീട് ഇൻഡ്യൻ സോഷ്യലിസ്റ്റ് പാർട്ടിയിലും അംഗമായി. 1960-ൽ പ്രജാ സോഷ്യലിസ്റ്റ് പാർട്ടി സ്ഥാനാർത്ഥിയായി പേരാമ്പ്ര നിയോജക മണ്ഡലത്തിൽനിന്നും അദ്ദേഹം കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. പി.എസ്.പി. സംസ്ഥാന സെക്രട്ടറിയും ഐക്യമുന്നണി ഏകോപന സമിതി അംഗവുമായിരുന്നു അദ്ദേഹം. ഒരു മികച്ച സഹകാരിയായിരുന്ന നമ്പ്യാർ സംസ്ഥാന ഹൗസിംഗ് ഫെഡറേഷൻ വൈസ് പ്രസിഡന്റ്, മേപ്പയൂർ സഹകരണ ഹൗസിംഗ് സൊസൈറ്റി സ്ഥാപക പ്രസിഡന്റ്, മേപ്പയൂർ സഹകരണ അർബൻ ബാങ്ക് ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സേവനനിരതനായ ഒരു പൊതു പ്രവർത്തകനെയാണ് നമ്പ്യാരുടെ നിര്യാണത്തോടെ നമുക്ക് നഷ്ടമായിരിക്കുന്നത്. അന്തരിച്ച ആ മഹത് വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതനോടുള്ള ആദരസൂചകമായി ബഹുമാനപ്പെട്ട അംഗങ്ങൾ അല്പസമയം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു.)

III. ശ്രദ്ധക്ഷണിക്കൽ

(1) പ്രത്യേക തൊഴിൽദാന പദ്ധതിയിൽ ചേർന്ന യുവകർഷകർക്ക് തൊഴിൽ നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. നാരായണൻ: സർ, കാർഷിക മേഖലയിൽ ഒരു ലക്ഷം യുവതീ-യുവാക്കൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയിൽ ചേർന്നവർക്ക് തൊഴിൽ നൽകാത്തതു സംബന്ധിച്ച് ഈ സഭയുടേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രദ്ധ ക്ഷണിക്കുകയാണ്. 1993-94 വർഷത്തിൽ ഐക്യജനാധിപത്യ മുന്നണി അധികാരത്തിൽ ഇരുന്ന അവസരത്തിൽ അന്നത്തെ കൃഷിവകുപ്പ് മന്ത്രിയായിരുന്ന ശ്രീ. പി. പി. ജോർജ്ജ് പ്രത്യേക തൊഴിൽദാന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ലക്ഷം യുവതീ-യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഒരു പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ചേരുന്നതിന് 100 രൂപ രജിസ്ട്രേഷൻ ഫീസും ആയിരം രൂപ പദ്ധതി വിഹിതവും ആയി 1100 രൂപ ബന്ധപ്പെട്ട കൃഷിഭവനിൽ അടച്ചിരുന്നു. അക്കൂട്ടത്തിൽ ഓരോ അംഗത്തിനും സർക്കാർ വിഹിതമായി ആയിരം രൂപ നൽകുകയും ചെയ്തു. പദ്ധതിയിൽ ചേർന്ന ഓരോ അംഗത്തിനും ശാരീരികവും മാനസികവുമായ അവശത സംഭവിച്ചാൽ 200 രൂപ മുതൽ 750 രൂപ വരെ പ്രതിമാസ പെൻഷനും 60 വയസ്സ് തികഞ്ഞാൽ 6,000 രൂപ മുതൽ 30,000 രൂപ വരെ ഗ്രാറ്റുവിറ്റിയും, 60 വയസ്സിനുശേഷം ആയിരം രൂപ പ്രതിമാസ പെൻഷനും ഈ പദ്ധതിയിൽ ചേർന്നതിനുശേഷം മരണമടഞ്ഞാൽ 25,000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ അവകാശികൾക്ക് ധനസഹായമായും നൽകുന്നതിന് ഗവൺമെന്റ് അന്ന് പ്രഖ്യാപിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലാകെ 1,04,312 പേരാണ് ഇപ്പോൾ അംഗങ്ങളായി ചേർന്നിട്ടുള്ളത്. കോടിക്കണക്കിന് രൂപ ഇവരുടേതായി ട്രഷറിയിൽ ഉണ്ട്. എന്നാൽ ഈ യുവതീ-യുവാക്കളെ ഗവൺമെന്റ് വഞ്ചിച്ചിരിക്കുന്നു. ഇപ്പോഴത്തെ കൃഷിമന്ത്രി ഈ മേഖലയിൽ ധാരാളം പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഇവർക്ക് തൊഴിൽ നൽകാൻ വേണ്ടനടപടി സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടും സഭയോടും അഭ്യർത്ഥിക്കുകയാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, കൃഷി, മൃഗ സംരക്ഷണം, ക്ഷീരവികസനം, മത്സ്യ വികസനം എന്നീ മേഖലകളിൽ ഒരു ലക്ഷം യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 1993-94-ൽ ആരംഭിച്ച പദ്ധതിയാണ് ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി. 20 വയസ്സിനും 35 വയസ്സിനും മദ്ധ്യേ, പട്ടികജാതിക്കാർക്കു മാത്രം 40 വയസ്സ് പ്രായം അഞ്ചു സെന്റു ഭൂമിയെങ്കിലും സ്വന്തമായിട്ട് കൈവശമുള്ള കർഷക യുവാക്കളെയാണ് ഈ പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുള്ളത്. ഈ വിധത്തിൽ തെരഞ്ഞെടുക്കപ്പെട്ട ആകെ ഒരു ലക്ഷം പേരെ ഈ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതനുസരിച്ച് 104, 213 പേർ പദ്ധതിയിൽ അംഗങ്ങളായി. ഇതിൽ 14,309 പേർ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപെട്ടവരാണ്. 45,252 പേർ വനിതകളുമാണ്. ആകെ പദ്ധതിയിൽ 98,869 പേർ ആയിരം രൂപ വീതം പദ്ധതി വിഹിതവും 100 രൂപാ വീതം രജിസ്ട്രേഷൻ ഫീസും അടച്ച് പൂർണ്ണ അംഗത്വം നേടിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽനിന്നും 100 രൂപ മാത്രമേ രജിസ്ട്രേഷൻ ഫീസായി ഈടാക്കിയിട്ടുള്ളു. ഗവൺമെന്റ് അംഗങ്ങളിൽനിന്നും പിരിച്ചെടുത്ത തുക ഉയർന്ന പലിശ ലഭിക്കത്തക്കവിധം റെബ്കോ ബാങ്കിലും ട്രഷറിയിലുമായി നിക്ഷേപിച്ചിരിക്കുകയാണ്. അംഗങ്ങളിൽനിന്ന് സമാഹരിച്ച തുകയായ 10 കോടി 41 ലക്ഷത്തി 98 ആയിരത്തി 508 രൂപയും, സർക്കാർ നിക്ഷേപമായ 14 കോടി രൂപയും പലിശയും ചേർത്ത് ഇപ്പോൾ ഏകദേശം 51 കോടി രൂപ നിക്ഷേപമായി ഉണ്ട്. പ്രത്യേക തൊഴിൽദാന പദ്ധതിയിൽ അംഗങ്ങളായിരിക്കെ മരണപ്പെട്ടവരുടെ നോമിനികൾക്കും ഈ ഗവൺമെന്റ് വന്നതിനുശേഷം 25,000 രൂപ വീതം (430 പേർക്ക്) നൽകിയിട്ടുണ്ട്. കൂടാതെ സ്വമേധയാ പദ്ധതിയിൽനിന്ന് പിരിഞ്ഞുപോയ 168 പേർക്ക് ആയിരം രൂപ തിരികെ കൊടുത്തിട്ടുമുണ്ട്. പദ്ധതി ആരംഭിച്ചപ്പോൾ അംഗങ്ങൾക്ക് പരിശീലനവും തെരഞ്ഞെടുക്കപ്പെട്ട തൊഴിൽ മേഖലകളിൽ പ്രത്യേക പരിശീലനവും നൽകിയിരുന്നു. ഇപ്പോൾ പദ്ധതിയിൽ അംഗങ്ങളായവരെ ഉൾപ്പെടുത്തി കൃഷിഭവനുകൾതോറും സ്വാശ്രയ സംഘങ്ങൾക്ക് രൂപം നൽകി വരികയാണ്. ഇവരിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടവരെ പ്രത്യേക പരിശീലനം നൽകി മാസ്റ്റർ ഫാർമേഴ്സാക്കി തീർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഒരു മാസ്റ്റർ ഫാർമർ അയാളുടെ കീഴിലുള്ള സ്വയം സഹായ ഗ്രൂപ്പ് അംഗങ്ങളെ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പ്രാപ്തരാക്കുന്നു. ഇപ്രകാരം പരിശീലനം പൂർത്തിയായവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വായ്പ ലഭ്യമാക്കുന്നതിനുള്ള മാതൃകാ പ്രോജക്ടുകളും പരിശീലനങ്ങളും കൃഷി വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ മേൽനോട്ടത്തിൽ സ്വാശ്രയ ഗ്രൂപ്പുകൾക്ക് നൽകിവരികയാണ്. ഇപ്രകാരം ഇതിൽ അംഗങ്ങളായവർ, അവർ തെരഞ്ഞെടുക്കുന്ന പദ്ധതികൾക്കുവേണ്ടി സാങ്കേതിക സഹായവും, ധനസഹായ സ്ഥാപനങ്ങളിൽനിന്ന് വായ്പയും ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ആസൂത്രണം ചെയ്യുന്ന പദ്ധതികളിലും കൃഷിവകുപ്പ് നടപ്പിലാക്കുന്ന ചില കേന്ദ്ര-സംസ്ഥാന പദ്ധതികളിലും ഇതിലെ അംഗങ്ങൾക്ക് മുൻഗണന നൽകിവരുന്നു. ഇതിനുംപുറമെ ഇതിനായിട്ടുള്ള ഒരു പ്രോജക്ട് ഉണ്ടാക്കി സമർപ്പിക്കുന്നതിന് നബാർഡിനെ കൺസൾട്ടന്റായി നിയോഗിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാരായണൻ: ഇതിൽ അംഗങ്ങളായിട്ടുള്ള ആളുകൾക്ക് അപകട മരണം സംഭവിച്ചാൽ—ചോറ്റാനിക്കര കൃഷിഭവനിൽ രജിസ്റ്റർ ചെയ്ത ലളിതയും രമണിയും കൃഷിഭവൻ ആവശ്യപ്പെട്ട രേഖകൾ മുഴുവൻ കൊടുത്തിട്ടും ഡിപ്പാർട്ടുമെന്റ് അവർക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്നില്ല—ആനുകൂല്യം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഇതിൽ ചിലതെല്ലാം നടപ്പിലാക്കാൻ പറ്റാത്തതാണ്. പെൻഷനായി കഴിഞ്ഞാൽ 30,000 രൂപയും, ആയിരം രൂപാവീതം പെൻഷനും കൊടുക്കും. ചിലതൊക്കെ നടക്കും. പ്രധാനമായി ഇപ്പോൾ ഊന്നൽ കൊടുത്തിരിക്കുന്നത് ഇവർക്ക് തൊഴിൽ കൊടുക്കുന്നതിനു വേണ്ടിയിട്ടുള്ള പ്രോജക്ടുകൾ പ്രിപ്പെയർ ചെയ്യുന്നതിനാണ്. അത് നബാർഡിനെ ഏൽപ്പിച്ചിട്ടുണ്ട്. നടപ്പിലാക്കാൻ സാധിക്കാത്തതൊന്നും നടപ്പിലാക്കാൻ പറ്റുകയില്ല—അപകട മരണം സംഭവിച്ചവരുടെ ആശ്രിതർക്ക് പണം കൊടുത്തോ എന്ന് നോട്ടീസില്ലാതെ പറയുവാൻ സാദ്ധ്യമല്ല.

(2) മദ്യദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, എന്റെ മണ്ഡലത്തിലാണ് 2000 ഒക്ടോബർ മാസത്തിൽ കല്ലുവാതുക്കൽ വിഷമദ്യ ദുരന്തം നടന്നത്. പത്തുമുപ്പതോളം ആളുകൾ ആ ദുരന്തത്തിൽ മരണപ്പെടുകയുണ്ടായി. ആ ദുരന്തത്തെക്കുറിച്ച് അന്വേഷിക്കുന്നതിനായി കേരള ഹൈക്കോടതിയിലെ സിറ്റിംഗ് ജഡ്ജിയായ ജസ്റ്റീസ് മോഹൻകുമാറിനെ അന്വേഷണ കമ്മീഷനായി നിയോഗിക്കുകയുണ്ടായി. ആ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചതിനുശേഷവും എന്റെ ജില്ലയിൽത്തന്നെ കുപ്പണയിൽ വീണ്ടും മദ്യദുരന്തം ഉണ്ടായി. ജസ്റ്റീസ് മോഹൻകുമാറിന്റെ അന്വേഷണ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചിട്ടില്ല. വിശദമായ ഒരു ചർച്ചയ്ക്ക് വിധേയമാക്കേണ്ട റിപ്പോർട്ടാണ് കമ്മീഷൻ സമർപ്പിച്ചിട്ടുള്ളത് എന്ന് ഇതു സംബന്ധിച്ച് 18-6-2003-ൽ രേഖാമൂലം എനിക്ക് നൽകിയ മറുപടിയിൽ അതിനെ കുറിച്ചുള്ള ഒരു സിനോപ്സിസ് ഉണ്ട്. അതിനകത്ത് പറഞ്ഞിട്ടുള്ളത് മീതൈൽ ആൾക്കഹോൾ കലർന്നു എന്നാണ്. ഒരിക്കലും മദ്യത്തിന്റെ, സ്പിരിറ്റിന്റെ ഉറവിടം കണ്ടെത്താൻ നാളിതുവരെയുള്ള ഒരു കമ്മീഷനും കഴിഞ്ഞിട്ടില്ല. ക്രൈം ബ്രാഞ്ച് അത് സംബന്ധിച്ച് നടത്തിയ അന്വേഷണത്തിലും അത് കണ്ടെത്തിയില്ല. കോടതി വെറുതെ വിട്ടവർ, യഥാർത്ഥത്തിൽ സ്പിരിറ്റ് എത്തിച്ചുകൊടുത്തവരാണ്. സ്പിരിറ്റ് എത്തിച്ചു കൊടുക്കുന്നവർ ഒരിക്കലും പിടിക്കപ്പെടുന്നില്ല. അങ്ങനെയുള്ള സാഹചര്യം ഒഴിവാക്കാൻവേണ്ടി ഇനിയുള്ള കുപ്പണ ദുരന്തത്തിന്റെ അന്വേഷണ പരിധിയിൽ സ്പിരിറ്റിന്റെ ഉറവിടം കണ്ടെത്തുന്നതിനുള്ള വ്യവസ്ഥകൂടി ഉൾപ്പെടുത്തേണ്ടത് ആവശ്യമാണ്. അതിനേക്കാൾ ഏറ്റവും പ്രധാനപ്പെട്ടത് രാഷ്ട്രീയ നേതാക്കൻമാരുടെ പങ്കാണ്. സർ അതുപോലെ വളരെ പ്രധാനപ്പെട്ട ഒരു വിഷയമുണ്ട്. എക്സൈസ് വകുപ്പ് പിരിച്ചു വിട്ടുകൊണ്ട് പോലീസിൽ ഇതിനെ ലയിപ്പിക്കണമെന്നാണ് ജസ്റ്റിസ് മോഹൻകുമാർ കമ്മീഷൻ ആവശ്യപ്പെടുന്നത്. വളരെ അത്യാവശ്യമായ ഒരു കാര്യമാണ് സർ. തമിഴ്നാട്ടിൽ എക്സൈസ് ഡിപ്പാർട്ട്മെന്റ് ഇല്ല. കേരളത്തിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിൽ ജോലി ചെയ്യുന്നവർ 4,665 പേരാണ്. നാല് ഐ.എ.എസ്.-ഐ,പി.എസ്.-കാരുണ്ട്. സത്യത്തിൽ ഈ ഡിപ്പാർട്ടുമെന്റ് അഴിമതിയുടെ കൂത്തരങ്ങാകുകയാണ്. എന്റെ തന്നെ ഒരു അനുഭവമുണ്ട് സർ, ഹരിപ്പാട് ഒരു ബാറിന്റെ ഉടമ മരിച്ചപ്പോൾ അതിലെ അവകാശികളായ പെൺമക്കളുടെ പേരിൽ കള്ള ഒപ്പിട്ട് ആൺമക്കൾ ലൈസൻസ് മാറ്റിയെടുക്കാൻ നടപടി സ്വീകരിച്ചു എന്നു പറഞ്ഞ് ബഹുമാന്യനായ മന്ത്രിക്ക് പരാതി എഴുതിക്കൊടുത്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly